NYC Mayor's Office of Immigrant Affairs | കുടിയേറ്റ കാര്യങ്ങൾക്കായുള്ള മേയറുടെ ഓഫീസ്

# ന്യൂയോർക്കിലെ കുടിയേറ്റക്കാർക്കുള്ള റിസോഴ്സുകൾ

## നിങ്ങളുടെ ഇമിഗ്രേഷൻ നില പരിഗണിക്കാതെ തന്നെ, നിങ്ങൾക്ക് അവകാശങ്ങളുണ്ട്.

### ഇമിഗ്രേഷൻ നിയമ സഹായം

**സൗജന്യവും സുരക്ഷിതവുമായ ഇമിഗ്രേഷൻ നിയമ സഹായത്തിന് വേണ്ടി** തിങ്കൾ മുതൽ വെള്ളി വരെ 9 AM മുതൽ 6 PM വരെ **800-354-0365 എന്ന നമ്പറിൽ വിളിക്കുക**.

### NYC ഐഡി കാർഡ്

10 വയസും അതിന് മുകളിലും പ്രായമുള്ള എല്ലാ ന്യൂയോർക്ക് സിറ്റി നിവാസികൾക്കും വേണ്ടിയുള്ള സൗജന്യ മുനിസിപ്പൽ തിരിച്ചറിയൽ കാർഡായ **IDNYC-യ്ക്ക് വേണ്ടി അപേക്ഷിക്കുക.** ഓൺലൈനായി പുതുക്കുക അല്ലെങ്കിൽ എൻറോൾ ചെയ്യുന്നതിന് ഒരു അപ്പോയിന്റ്മെന്റ് **നടത്തുക**, **311 എന്ന നമ്പറിൽ വിളിക്കുകയോ** അല്ലെങ്കിൽ **nyc.gov/idnyc** സന്ദർശിക്കുകയോ ചെയ്യുക

### ഇംഗ്ലീഷ് ക്ലാസ്സുകൾ

എപ്പോഴും എവിടെ നിന്നും **സൗജന്യ ഇംഗ്ലീഷ്** ക്ലാസുകളിൽ പങ്കെടുക്കുക. കൂടുതൽ വിവരങ്ങൾക്ക് **wespeaknyc.cityofnewyork.us** സന്ദർശിക്കുക.

### ആരോഗ്യപരിപാലനം

**NYC ഹെൽത്ത് + ഹോസ്പിറ്റലുകൾക്ക് (H+H)** അടിയന്തര പരിപാലനം, അടിസ്ഥാന ആരോഗ്യ പരിപാലനം, പരിശോധനകൾ, പ്രതിരോധ കുത്തിവയ്പ്പുകൾ എന്നിവയും മറ്റും നൽകാനാകും. **നിങ്ങളുടെ ഏറ്റവും അടുത്തുള്ള കേന്ദ്രത്തിലേക്ക് വരാനുള്ള മാർഗ്ഗനിർദ്ദേശത്തിനായി 1-844-NYC-4NYC (1-844-692-4692) എന്ന നമ്പറിൽ വിളിക്കുക. NYC കെയർ** പ്രോഗ്രാം ഉൾപ്പെടെയുള്ള ആരോഗ്യ ഇൻഷുറൻസ് പ്ലാനുകളിൽ എൻറോൾ ചെയ്യുന്നതിന്, **646-NYC-CARE (646- 692-2273)** എന്ന നമ്പറിൽ വിളിക്കുക അല്ലെങ്കിൽ **nyccare.nyc** സന്ദർശിക്കുക

### മാനസികാരോഗ്യം

രഹസ്യാത്മകമായുള്ള പിന്തുണയ്ക്കും മാനസികാരോഗ്യ പരിപാലനം, ലഹരിവസ്തുക്കളുടെ ഉപയോഗ റിസോഴ്സുകളുമായി ബന്ധപ്പെടാനും **888-692-9355 അല്ലെങ്കിൽ 988 എന്ന നമ്പറിൽ വിളിക്കുക, അല്ലെങ്കിൽ 65173 എന്ന നമ്പറിലേക്ക് WELL എന്ന് ടെക്സ്റ്റ് സന്ദേശമയയ്ക്കുക,** അല്ലെങ്കിൽ mentalheorall.nyc.gov സന്ദർശിക്കുക

### അടിയന്തിര സാഹചര്യങ്ങൾ

**അടിയന്തിര സാഹചര്യങ്ങളിൽ, 911 എന്ന നമ്പറിൽ വിളിക്കുക.** പോലീസിൽ നിന്നോ അഗ്നിശമന സേനയിൽ നിന്നോ ആംബുലൻസിൽ നിന്നോ അടിയന്തിര സഹായം ആവശ്യമുള്ള ഏത് സാഹചരവും അടിയന്തര സാഹചര്യമാണ്. **നിയമപ്രകാരം, ന്യൂയോർക്ക് സിറ്റി പോലീസ് ഡിപ്പാർട്ട്മെന്റിന് കുറ്റകൃത്യത്തിന് ഇരയായവരുടെയോ സാക്ഷികളുടെയോ സഹായം അഭ്യർത്ഥിക്കുന്ന മറ്റ് ആളുകളുടെയോ ഇമിഗ്രേഷൻ നിലയെക്കുറിച്ച് ചോദിക്കാൻ കഴിയില്ല.**

### പൊതുവിദ്യാഭ്യാസം

**4 മുതൽ 21 വരെ പ്രായമുള്ള NYC-യിലുള്ള എല്ലാ കുട്ടികൾക്കും പൊതു വിദ്യാലയത്തിൽ ചേരാനാവും.** എൻറോൾ ചെയ്യുന്നതിന് chools.nyc.gov/fwc സന്ദർശിക്കുക **അല്ലെങ്കിൽ 311-ൽ വിളിക്കുക.**

### ജനറൽ സിറ്റി റിസോഴ്സസ് ആൻഡ് ഇൻഫർമേഷൻ

സിറ്റി റിസോഴ്സുകൾ ആക്സസ് ചെയ്യണോ അല്ലെങ്കിൽ ഒരു പ്രശ്നം റിപ്പോർട്ട് ചെയ്യണോ? **311** എന്ന നമ്പറിൽ വിളിക്കുക അല്ലെങ്കിൽ **portal.311.nyc.gov** സന്ദർശിക്കുക

### NYC ഇമിഗ്രന്റ് അഫയേഴ്സ് ഹോട്ട്ലൈൻ

തിങ്കൾ മുതൽ വെള്ളി വരെ 9 AM മുതൽ 5 PM വരെ **212-788-7654 എന്ന നമ്പറിൽ ഞങ്ങളുടെ ഹോട്ട്ലൈനിൽ വിളിക്കുക,** അല്ലെങ്കിൽ **askmoia@cityhall.nyc.gov** എന്ന വിലാസത്തിൽ ഇമെയിൽ ചെയ്യുക

**NYC** Mayor's Office of Immigrant Affairs | കുടിയേറ്റ കാര്യങ്ങൾക്കായുള്ള മേയറുടെ ഓഫീസ്

# ന്യൂയോർക്കിലെ കുടിയേറ്റക്കാർക്കുള്ള റിസോഴ്സുകൾ

## നിങ്ങളുടെ ഇമിഗ്രേഷൻ നില പരിഗണിക്കാതെ തന്നെ, സഹായിക്കാനായി ന്യൂയോർക്ക് സിറ്റി ഇവിടെയുണ്ട്.

### ഇമിഗ്രേഷൻ തട്ടിപ്പ് ഒഴിവാക്കുക

നിങ്ങൾക്ക് ഇമിഗ്രേഷൻ സംബന്ധമായ നിയമോപദേശം ആവശ്യമുണ്ടെങ്കിൽ, ലൈസൻസുള്ള ഒരു അഭിഭാഷകന്റെയോ അംഗീകാരമുള്ള പ്രതിനിധിയുടെയോ അടുത്തേക്ക് മാത്രം പോകുക. **nyc.gov/immigrants** എന്നതിൽ നിങ്ങൾക്ക് അംഗീകാരമുള്ളതും നിയമസാധുതയുള്ളതുമായ ദാതാക്കളുടെ പട്ടിക കണ്ടെത്താനാവും.

### ഇമിഗ്രേഷൻ എൻഫോഴ്സ്മെന്റിലുള്ള അവകാശങ്ങൾ

NYC ഇമിഗ്രേഷൻ എൻഫോഴ്സ്മെന്റ് നടത്തുന്നില്ല. ഫെഡറൽ ഇമിഗ്രേഷൻ എൻഫോഴ്സ്മെന്റ് നിങ്ങളെ സമീപിക്കുകയാണെങ്കിൽ, നിങ്ങൾക്ക് അവകാശങ്ങളുണ്ട്. **nyc.gov/knowyourrights** സന്ദർശിക്കുക, അല്ലെങ്കിൽ **800-354-0365** എന്ന നമ്പറിൽ ഞങ്ങളുടെ സൗജന്യ ഇമിഗ്രേഷൻ ലീഗൽ ഹോട്ട്ലൈനിൽ വിളിക്കുക.

### ജോലിക്കാരുടെ അവകാശങ്ങൾ

ന്യൂയോർക്ക് സിറ്റി നിയമപ്രകാരം നിങ്ങൾക്ക് ശമ്പളത്തോടു കൂടിയ രോഗാവധി, മിനിമം വേതനം, ഓവർടൈം വേതനം തുടങ്ങിയവയ്ക്കുള്ള അവകാശമുണ്ട്. റിസോഴ്സുകൾക്കായി **nyc.gov/workers** സന്ദർശിക്കുക, അല്ലെങ്കിൽ **212-436-0381** എന്ന നമ്പറിൽ വിളിക്കുക.

### വിവേചനം റിപ്പോർട്ട് ചെയ്യുക

NYC മനുഷ്യാവകാശ നിയമപ്രകാരം പീഡനവും വിവേചനവും നിയമവിരുദ്ധമായ കാര്യമാണ്. വിവേചനം സംബന്ധിച്ച ഒരു സംഭവം റിപ്പോർട്ട് ചെയ്യാൻ ദയവായി **212-416-0197** എന്ന നമ്പറിൽ വിളിക്കുക.

### ഗാർഹിക പീഡനത്തിനെതിരായ സംരക്ഷണം

നിങ്ങൾ ദുരുപയോഗം നേരിടുന്നുണ്ടെങ്കിൽ നിങ്ങളെ സഹായിക്കാനായി NYC ഇവിടെയുണ്ട്. നിങ്ങൾക്ക് **nyc.gov/nychope** സന്ദർശിക്കുകയോ NYC-യുടെ ഡൊമെസ്റ്റിക് വയലൻസ് ഹോട്ട്ലൈനായ **800-621-HOPE**-എന്നതിലേക്ക് വിളിക്കുകയോ ചെയ്യാം.

### വാടകക്കാരുടെ അവകാശങ്ങൾ

കുടിയിറക്കൽ അല്ലെങ്കിൽ നിങ്ങളുടെ സ്ഥല ഉടമയുമായി ബന്ധപ്പെട്ട എന്തെങ്കിലും പ്രശ്നങ്ങൾക്ക് സഹായം ആവശ്യമുണ്ടോ? സൗജന്യ നിയമ സഹായത്തിന് വേണ്ടി **nyc.gov/tenantprotection** സന്ദർശിക്കുക, അല്ലെങ്കിൽ **311** എന്ന നമ്പറിൽ വിളിച്ച് **"tenant helpline"** എന്ന് പറയുക.

### പാർപ്പിടത്തിനുള്ള അവകാശം

നിങ്ങൾക്ക് വീടില്ലെങ്കിൽ പാർപ്പിടത്തിന് വേണ്ടി ആവശ്യപ്പെടാനുള്ള അവകാശമുണ്ട്. നിയുക്ത ഡിപ്പാർട്ട്മെന്റ് ഓഫ് ഹോംലെസ്സ് സർവീസസസ് (Department of Homeless Services, DHS) ഇൻടേക്ക് സെന്റർ സന്ദർശിച്ച് ഷെൽട്ടർ സേവനങ്ങൾ ആക്സസ്ചെയ്യുക. **311**-ൽ വിളിച്ച് കൂടുതലറിയുക.

### ഉപഭോക്തൃ സംരക്ഷണം

ഒരു ബിസിനസുമായി ബന്ധപ്പെട്ട് പ്രശ്നമുണ്ടോ? ഒരു ഉപഭോക്താവെന്ന നിലയിൽ നിങ്ങൾക്ക് അവകാശങ്ങളുണ്ട്. **nyc.gov/consumers** സന്ദർശിച്ച് ഒരു പരാതി ഫയൽ ചെയ്യുക അല്ലെങ്കിൽ **311** എന്ന നമ്പറിൽ വിളിക്കുക.